പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4912 26.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ വരുമാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

(എ) 2019 ജനുവരി മുതൽ മെയ് വരെയുള്ള കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ വരുമാനത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(എ) പ്രതിമാസ വരുമാനം

| മാസം | തുക (കോടി രൂപയിൽ) |
|---|---|
| 2019 ജനുവരി | 191.26 |
| 2019 ഫെബ്രുവരി | 172.76 |
| 2019 മാർച്ച് | 185.59 |
| 2019 എപ്രിൽ | 191.36 |
| 2019 മെയ് | 202.14 |

(ബി) പ്രസ്തുത കാലയളവിലെ കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ നഷ്ടകണക്കിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) കെ.എസ്.ആർ.ടി.സി.യിലെ പ്രതിമാസ പെൻഷൻ തുകയായ എകദേശം 61 കോടി രൂപ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്നതിനാൽ, ടി തുക ചെലവ് ഇനത്തിൽ ഉൾക്കൊള്ളിക്കാതെയുള്ള നഷ്ടം സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു.

| മാസം | തുക (കോടി രൂപയിൽ) |
|---|---|
| 2019 ജനുവരി | 44.34 |
| 2019 ഫെബ്രുവരി | 35.66 |
| 2019 മാർച്ച് | 46.00 |
| 2019 എപ്രിൽ | 36.72 |
| 2019 മെയ് | 31.14 |

(സി) കെ.എസ്.ആർ.ടി.സി.യുടെ പ്രതി

(സി) സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച്, വരുമാനം കുറവുള്ള സർവ്വീസുകളെ

| | | | |
|---|---|---|---|
| | ദിന വരുമാനം ഉയർത്തുന്നതിനായി കൂടുതലായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കാമോ? | | പുനക്രമീകരിക്കുന്ന പദ്ധതി നടത്തി വരുന്നു. ഷെഡ്യൂളുകൾ പുനക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും, പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതും മൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് യാത്രക്കാരെ ആകർഷിയ്ക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടു കൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s.Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 648 സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡിജിറ്റലൈസേഷന്റെ ഭാഗമായി 24 റിസർവേഷൻ കൗണ്ടറുകളിൽ Point of Sale (POS) മെഷീനുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | ത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും, ലേലം/ ടെണ്ടർ നടപടികളിലൂടെ നൽകിയും, കൊറിയർ & പാഴ്സൽ സർവ്വീസ്, ബാങ്ക് എ.റ്റി.എം, കോഫീ വെൻഡിംഗ് മെഷീൻ എന്നിവ സ്ഥാപിച്ചും, കൂടാതെ കെ.എസ്.ആർ.ടി.സിയുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, യൂണിറ്റുകളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റാളുകൾ, എൽ.ആർ.സ്റ്റാൾ, ക്യാന്റീൻ, ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തികരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർലേലം നടത്തുകയും, സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ലൈസൻസ് ഫീയിൽ 100% വർധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീയിൽ വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതു മൂലവും, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ മൊബൈൽടവർ, ഡിജിറ്റൽ വീഡിയോ വോൾ എന്നിവ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നത് മൂലവും |

| | | | |
|---|---|---|---|
| | | | വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റം വരുത്തിയത് വഴി കെ.എസ്.ആർ.ടി.സി. ബസുകൾ പരസ്യത്തിനു നൽകുന്നത് വഴി പ്രതിവർഷം 8.38 കോടി രൂപയിൽ നിന്നും 21 കോടിയിലേക്കും, കെ.യു.ആർ.ടി.സി. ബസുകളിൽ 1.30 കോടി രൂപയിൽ നിന്നും 5.33 കോടി രൂപയിലേക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേക്ക് 59 കോടിയിൽ നിന്നും 161 കോടി രൂപയിലേക്ക് ഗണ്യമായ വർധനവാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ചത്. കെ.എസ്.ആർ.ടി.സി. ബസുകളിൽ കൊറിയർ പാർസൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000/- രൂപ ലഭിക്കുന്നു. ഇത് പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറു മടങ്ങ് വർദ്ധിച്ച തുകയാണ്. |

**സെക്ഷൻ ഓഫീസർ**